കെ.സി ജലീൽ പുളിക്കൽ

# സ്വയം പീഡയാവരുത്

عَنْ أَنَس رضي الله عنه قَالَ : قَالَ رَسُول اللَّهِ صلى الله عليه وسلم : لاَ تُشَدِّدُوا عَلَى أَنْفُسِكُمْ فَيُشَدِّدُ اللهُ عَلَيْكُمْ ، فَإِنَّ قَوْمًا تَشَدَّدُوا فَشَدَّدَ اللَّهُ عَلَيْهِمْ فَتِلْكَ بَقَايَاهُمْ فِي الصَّوَامِعِ وَالدِّيَارِ .

**അനസ് (റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങൾ നിങ്ങളോട് തന്നെ കർക്കശരാകരുത്. അപ്പോൾ അല്ലാഹു നിങ്ങളോടും കർക്കശനാകും. ഒരു ജനം ഇങ്ങനെ കർക്കശരാവുകയുണ്ടായി. അപ്പോൾ അല്ലാഹു അവരോടും കർക്കശമായി പെരുമാറി. ആ ജനത്തിന്റെ ശേഷിപ്പുകളാണ് ഇന്ന് സന്യാസാശ്രമങ്ങളിലും മഠങ്ങളിലുമുള്ളത് (അബൂദാവൂദ്).**

'ഇസ്‌ലാമിൽ പൗരോഹിത്യമില്ല' എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട് നബി(സ). ആ വിപത്തിനെ സംബന്ധിച്ച് മുസ്‌ലിം സമുദായം അതീവ ജാഗ്രത പുലർത്തണമെന്നും ഇല്ലെങ്കിൽ വിപത്തിലകപ്പെടുമെന്നും താക്കീത് നൽകുകയാണിവിടെ. ഭക്തിയുടെയും വിശുദ്ധിയുടെയും പരിവേഷവുമായെത്തുന്ന സന്യാസം അധർമത്തിന്റെയും അനീതിയുടെയും ചൂഷണത്തിന്റെയും വിളനിലമായി മാറുന്ന മഹാദുരന്തം മുൻഗാമികളുടെ ദുരനുഭവത്തിന്റെ വെളിച്ചത്തിൽ, ലോകാന്ത്യം വരെയുള്ള തന്റെ അനുയായികളെ പഠിപ്പിക്കുകയാണ് അന്ത്യ പ്രവാചകൻ.

ദൈവദൂതൻ ഈസാ (അ)യുടെ അനുയായികളിൽ പിൽക്കാലത്ത് സന്യാസം സ്വാധീനം ചെലുത്തിയതെങ്ങനെയെന്നും ആശ്രമങ്ങളും മഠങ്ങളും നിയന്ത്രിക്കുന്ന ഇന്നത്തെ രീതിയിലുള്ള സഭകളായി അത് മാറിയതെങ്ങനെയെന്നും സൂചിപ്പിക്കുകയാണ്. പ്രവാചക പരമ്പരയിലെ ഒരു കണ്ണിയായ ഈസാ(അ)യിൽ സന്യാസത്തിന്റെ ഒരംശവും ഉണ്ടായിരുന്നില്ല. ഖുർആൻ പ്രസ്താവിക്കുന്നു: ''അനന്തരം നാം ദൂതന്മാരെ തുടരെ തുടരെ അയച്ചുകൊണ്ടിരുന്നു. അവർക്കെല്ലാം പിറകിലായി മർയമിന്റെ പുത്രൻ ഈസായെ നിയോഗിച്ചു. അദ്ദേഹത്തിന് ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കനിവും കാരുണ്യവും നിക്ഷേപിച്ചു. അവരാവിഷ്കരിച്ച സന്യാസം നാം അവർക്ക് വിധിച്ചതായിരുന്നില്ല; ദൈവപ്രീതി ആഗ്രഹിച്ച് അവർ സ്വയം ഉണ്ടാക്കിയതാണ്. എന്നാൽ ഈ സ്വയംകൃത ചര്യ അവർ യഥാവിധി പാലിച്ചതുമില്ല. അവരിൽ സത്യവിശ്വാസം കൈക്കൊണ്ടവർക്കുള്ള പ്രതിഫലം നാം നൽകിയിട്ടുണ്ട്. എന്നാൽ അവരിൽ മിക്ക ആൾക്കാരും അധർമകാരികളാണ്'' (*അൽ ഹദീദ്* 27).

ഈസാ(അ)യുടെ അനുയായികൾക്ക് അല്ലാഹു നൽകിയ സവിശേഷ അനുഗ്രഹവും പിൽക്കാലത്തെ വ്യതിയാനത്തിലൂടെ അവർ ഇന്നെത്തിപ്പെട്ട വൻദുരന്തവും അനാവരണം ചെയ്യുകയാണ് സർവജ്ഞനായ ദൈവം ഈ വചനത്തിലൂടെ.

ദൈവിക ഗ്രന്ഥത്തിന്റെയും ദൈവദൂതൻ ഈസയുടെ അധ്യാപനത്തിന്റെയും അടിസ്ഥാനത്തിൽ, ദൈവം കനിഞ്ഞരുളിയ കനിവും കാരുണ്യവും ഉൾക്കൊണ്ട് ഉത്തമ ഗുണങ്ങളാർജിച്ച പ്രവർത്തകരായി മുന്നേറിയിരുന്ന ഈസാ നബിയുടെ ശിഷ്യന്മാർ, പിൽക്കാലത്ത് കടുത്ത നിയന്ത്രണങ്ങളുള്ള സന്യാസം സ്വീകരിച്ച് ഭക്തജനങ്ങളിലും ബഹുജനങ്ങളിലും സ്വാധീനം നേടാൻ വ്യഗ്രത പൂണ്ടിറങ്ങിയത് അവർക്കു തന്നെ വിനയാവുകയായിരുന്നു.

ഐഹിക വിരക്തിയും സുഖവർജനവും ധാർമിക മൂല്യങ്ങളായംഗീകരിച്ച്, വൈവാഹികബന്ധവും ലൈംഗികതയും വർജിച്ച് ബ്രഹ്മചര്യയനുഷ്ഠിക്കുന്ന രീതിയാണവർ സ്വീകരിച്ചത്. ഖുർആൻ വിശേഷിപ്പിച്ച അനാചാരവും നബിവചനം ശക്തമായി വിമർശിച്ച കാർക്കശ്യവും ഇതുതന്നെയാണ്. ദൈവദൂതന്റെ ചര്യയും നിർദേശവും അപര്യാപ്തമായി കരുതി, അതിലപ്പുറം ഭക്തിയാണ് തങ്ങൾക്ക് വേണ്ടതെന്ന് ചിന്തിക്കുന്നവരെ ദൈവവും അവന്റെ ദൂതന്മാരും അവജ്ഞയോടും കോപത്തോടും കൂടിയാണ് കാണുക എന്ന് ദൈവവചനങ്ങളും പ്രവാചകാധ്യാപനങ്ങളും വ്യക്തമാക്കുന്നു.

ഇവിടെ നാം ചർച്ച ചെയ്യുന്ന നബിവചനം, അന്ത്യപ്രവാചകൻ തന്റെ അനുയായികൾക്ക് നൽകുന്ന കർശന താക്കീതാണ്. ജാഗ്രതയില്ലെങ്കിൽ 'നിങ്ങൾക്ക് മുമ്പുള്ളവരുടെ ചര്യകൾ മുഴത്തിനുമുഴമായും ചാണിന് ചാണായും നിങ്ങൾ പിന്തുടരുക തന്നെ ചെയ്യും' എന്ന നബിവചനം ഇതോടു ചേർത്തു വായിക്കണം.

കര്‍ക്കശ മാര്‍ഗം സ്വാംശീകരിക്കുക വഴി മുന്‍പ്രവാചകന്റെ അനുയായികള്‍ എത്തിപ്പെട്ട ദുരന്തത്തിന്റെ വെളിച്ചത്തില്‍, അത്തരം ദുരന്തം മുസ്‌ലിംകളെ ബാധിച്ചേക്കുമോ എന്ന ആത്മപരിശോധനക്ക് പ്രേരിപ്പിക്കുകയാണിവിടെ.

ജീവിതത്തിന്റെ ചില രംഗങ്ങളില്‍ കര്‍ക്കശ ഭക്തിയുടെ പരിവേഷം എടുത്തണിയുകയും ദൈവികഗ്രന്ഥം പ്രാമുഖ്യം നല്‍കിയ സാമ്പത്തിക- സാമൂഹിക-ജനസേവനരംഗങ്ങള്‍ക്ക് അര്‍ഹമായ പരിഗണന നല്‍കാതിരിക്കുകയും ചെയ്യുന്ന പ്രവണതയും ഇവിടെ സൂചിതമായിരിക്കുന്നു.

യേശുവിനെ സാധാരണ മനുഷ്യനായ ദൈവദൂതന്‍ എന്ന് വിശേഷിപ്പിക്കുന്നത് അദ്ദേഹത്തോടുള്ള അനാദരവാണെന്ന വാദമാണ് ക്രൈസ്തവ വിശ്വാസികളെ യേശു ദൈവപുത്രനാണെന്ന വാദത്തിലേക്കെത്തിച്ചത്. മുഹമ്മദ് നബി(സ)യെ 'നിങ്ങളെപ്പോലുള്ള മനുഷ്യന്‍' (*അല്‍കഹ്ഫ്*) എന്ന ഖുര്‍ആനിന്റെ വചനം ഉദ്ധരിക്കുന്നവരെ പ്രവാചകനെ അനാദരിക്കുന്നവരായി മുദ്രകുത്തുന്ന പ്രവണത മുസ്‌ലിം സമുദായത്തില്‍ ചിലര്‍ക്കെങ്കിലുമില്ലേ? പണ്ഡിതന്മാരെയും പുരോഹിതന്മാരെയും 'റബ്ബു'കളാക്കിയത് ക്രൈസ്തവരുടെ അടിസ്ഥാന വ്യതിയാനങ്ങളിലൊന്നായി ഖുര്‍ആന്‍ പ്രസ്താവിക്കുന്നു. തെളിവന്വേഷിക്കാതെ പണ്ഡിതന്മാരുടെ വിധിവിലക്കുകള്‍ അംഗീകരിക്കുന്നത് അവരെ ആരാധിക്കലാണെന്ന് ഈ സൂക്തത്തിന് മുഹമ്മദ് നബി(സ) വിശദീകരണം നല്‍കിയിട്ടുമുണ്ട്. അപകടകരമായ ഈ പ്രവണതയും മുസ്‌ലിം സമുദായത്തില്‍ അങ്ങിങ്ങായി കാണുന്നുണ്ടോ? മുസ്‌ലിം സമൂഹം ഇത്തരം അപകടങ്ങളെ സംബന്ധിച്ച് ജാഗ്രത പുലര്‍ത്തണമെന്നാണ് ഈ നബിവചനം ഗൗരവത്തോടെ ഉണര്‍ത്തുന്നത്. ●